ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് പോലീസ് ഡയറക്ടർ ജനറൽ അയച്ചുതന്നിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ കൈനകരിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലിസ്റ്റ് സർക്കാർ പരിശോധിച്ചുവരികയാണ്.

കൈനടി പോലീസ് സ്റ്റേഷൻ പുതുക്കി പണിയൽ

41 [120] *ഡോ. കെ. സി ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കൈനടി പോലീസ് സ്റ്റേഷൻ കെട്ടിടം ഉപയോഗ ക്ഷമമല്ലാതെയായിട്ട് എത്ര വർഷമായി;

(ബി) ഇപ്പോൾ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം യാത്രാസൗകര്യം ഇല്ലാത്ത സ്ഥലത്താണെന്നതും അസൗകര്യങ്ങൾ നിരവധി ഉണ്ടെന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) തകർന്ന കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശമുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് കെട്ടിടം പണിയുവാൻ കഴിയുമെന്നാണ് കരുതുന്നത്;

(ഡി) ഇല്ലെങ്കിൽ എത്രയും വേഗം പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10 വർഷം.

(ബി) ഉണ്ട്.

(സി) & (ഡി) കൈനടിയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുവാനുള്ള നിർദ്ദേശം കേരളാ പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പണിക്ക് മൂന്നു തവണ ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാരെ ലഭിച്ചിട്ടില്ല. ആയതിനാൽ പണി ക്വട്ടേഷൻ വ്യവസ്ഥയിൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ പോലീസിന്റെ അംഗബലം കൂട്ടാൻ നടപടി

42 [121] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പോലീസിന്റെ അംഗബലം വളരെ കുറവായതിനാൽ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly